**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4637** 19-07-2022 - ല്‍ മറുപടിയ്ക്ക്

**ഗാര്‍ഹിക കുടിവെള്ള താരിഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിന്‍<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗാര്‍ഹിക ആവശ്യങ്ങള്‍ക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് ഏത് രീതിയിലാണെന്ന് വിശദമാക്കാമോ; | (എ) | **ഗാര്‍ഹിക ആവശ്യങ്ങള്‍ക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് അനുബന്ധമായി ചേര്‍ക്കുന്നു. ഒരു മാസം 15000 ലീറ്ററിന് താഴെ കുടിവെള്ളം ഉപയോഗിക്കുന്ന ബി.പി.എല്‍ കുടുംബത്തില്‍ നിന്നും വാട്ടര്‍ താരീഫ് ഈടാക്കുന്നില്ല. ഫ്ലാറ്റുകളിലെ ഓരോ അപ്പാര്‍ട്ട്മെന്റില്‍ നിന്നും 55.13 രൂപയാണ് മിനിമം ചാര്‍ജ്ജായി ഈടാക്കി വരുന്നത് .** |
| (ബി) | ഗാര്‍ഹിക കണക്ഷന്‍ എടുക്കുകയും എന്നാല്‍ വെള്ളം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന ഉപഭോക്താക്കള്‍ എത്ര രൂപ വീതമാണ് അടക്കേണ്ടത്; | (ബി) | **ഒരു മാസത്തെ മിനിമം ചാര്‍ജായ 22.05 രൂപയാണ് എല്ലാ മാസവും അടക്കേണ്ടത് .** |
| (സി) | വാട്ടര്‍ അതോറിറ്റി ഈടാക്കുന്ന മിനിമം ചാര്‍ജ് എത്രയാണ്; | (സി) | 1. **ഗാര്‍ഹികം : 22.05/-രൂപ.**<br>2. **ഗാര്‍ഹികേതരം: 220.53/-രൂപ.**<br>3. **വ്യാവസായികം :441.01/-രൂപ.** |
| (ഡി) | കുടിവെള്ളം തീരെ ഉപയോഗിക്കാത്ത ഉപഭോക്താക്കളില്‍ നിന്ന് കൂടുതല്‍ തുക ഈടാക്കുന്നതായുള്ള പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | **കുടിവെള്ളം തീരെ ഉപയോഗിക്കാത്ത ഉപഭോക്താക്കളില്‍ നിന്നും കൂടുതല്‍ തുക ഈടാക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടില്ല. മിനിമം ചാര്‍ജായാലും കൃത്യമായി അടക്കാത്ത ഉപഭോക്താക്കള്‍ക്ക് നിയമാനുസൃതമായ ഫൈന്‍ മാത്രമേ ഈടാക്കാറുള്ളൂ.** |

സെക്ഷന്‍ ഓഫീസര്‍

**അനുബന്ധം**

| ഗാർഹിക ആവശ്യങ്ങൾക്കുള്ള കുടിവെള്ളത്തിന് ഈടാക്കുന്ന താരിഫ് | |
|---|---|
| Up to 5000 litres | ₹ 4.41 per 1000 litres with minimum ₹22.05 |
| Above 5000 to 10,000 litres | ₹22.05 plus ₹4.41 per 1000 litres in excess of 5000 litres |
| Above 10,000 to 15,000 litres | ₹44.10 plus ` ₹5.51 per 1000 litres in excess of 10000 litres |
| Above 15,000 to 20,000 litres | ₹6.62 per every 1000 litres for the entire consumption (0 to 20000 litres) |
| Above 20,000 to 25,000 litres | ₹7.72 per every 1000 litres for the entire consumption (0 to 25000 litres) |
| Above 25,000 to 30,000 litres | ₹9.92 per every 1000 litres for the entire consumption (0 to 30000 litres) |
| Above 30,000 to 40,000 litres | ₹13.23 per every 1000 litres for the entire consumption (0 to 40000 litres) |
| Above 40,000 to 50,000 litres | ₹15.44 per every 1000 litres for the entire consumption (0 to 50000 litres) |
| Above 50,000 litres | ₹772.00 plus ₹44.10 per every 1000 litres in excess of 50000 litres |

**സെക്ഷൻ ഓഫീസർ**